**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3449 — 22-08-2017 ൽ മറുപടിയ്ക്ക്

**ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ഫയർ സ്റ്റേഷൻ**

| ചോദ്യം<br>**ശ്രീ.അൻവർ സാദത്ത്** | മറുപടി<br>**ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
|---|---|
| എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ ;<br><br>ബി) പ്രസ്തുത ഫയർ സ്റ്റേഷന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; | **(എ)&(ബി)**<br>ഹരിപ്പാട് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ ആലപ്പുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നൽകിയിട്ടുണ്ട്. |
| സി) ഫയർ ഫോഴ്സ് യൂണിറ്റുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ? | സി) സംസ്ഥാനത്തെ വിവിധ ഫയർസ്റ്റേഷനുകളുടെ നിർമ്മാണത്തിനും പൂർത്തീകരണത്തിനുമായി 2017-18 വർഷത്തെ ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച പുതിയ ഫയർസ്റ്റേഷനുകളുടെ നിർമ്മാണത്തിന് ന്യൂ സർവ്വീസ് നടപടിക്രമം പാലിക്കുന്നതിനായി 2017-18 ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ വിഹിതവും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ